(എഫ്) 80 രൂപയിൽ നിന്ന് 200 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ജി) നിലവിലുള്ള കോമ്പൻസേറ്ററി അലവൻസ് പുനർനിർണ്ണയിക്കാൻ കോടതി നിർദ്ദേശമുണ്ടായിരുന്നു.

(എച്ച്) അതനുസരിച്ച് 80 രൂപയിൽ നിന്ന് 200 രൂപയായി കോമ്പൻസേറ്ററി അലവൻസ് വർദ്ധിപ്പിച്ച് നൽകി വരുന്നു.

(ഐ) ജീവനക്കാർക്ക് കോമ്പൻസേറ്ററി അലവൻസ് നൽകിവരുന്നുണ്ട്.

നിയമ വകുപ്പിലെ രണ്ടാം ഗ്രേഡ് ലീഗൽ അസിസ്റ്റന്റ് നിയമനം

38 (4317) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിലെ നിയമ വകുപ്പിൽ രണ്ടാംഗ്രേഡ് ലീഗൽ അസിസ്റ്റന്റ് തസ്തികയിലെ നിയമനരീതി വിശദമാക്കുമോ ;

(ബി) ഏറ്റവും ഒടുവിലായി തയ്യാറാക്കിയ ലിസ്റ്റിൽ നിന്നും സെക്രട്ടറിയേറ്റിലെയും മറ്റ് വിവിധ വകുപ്പുകളിലെയും ജീവനക്കാരുടെ നിയമനത്തിന്റെ അനുപാതം എത്രയാണ് ;

(സി) ഈ ലിസ്റ്റിൽ നിന്നും നിലവിൽ നിയമാനുസരണമുള്ള അനുപാതത്തിന്റെ അടിസ്ഥാനത്തിലാണോ നിയമിച്ചതെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ ലിസ്റ്റിൽ നിന്നും ഏതെങ്കിലും വിഭാഗത്തിന് നിലവിലുള്ള അനുപാതത്തിൽ കൂടുതൽ നിയമനം നൽകിയിട്ടുണ്ടോ ;

(ഇ) 30-4-2003-ൽ ഈ ലിസ്റ്റിൽ നിന്നും എട്ടു പേരെ നിയമിച്ചത് നിയമാനുസരണമുള്ള അനുപാതം പരിശോധിച്ചിട്ടാണോ ;

(എഫ്) നിയമന നിരോധനത്തിന്റെ പേരിൽ ഇനിയും ഈ ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ജി) സെക്രട്ടേറിയറ്റിലെ ഉദ്യോഗാർത്ഥികൾക്കുവേണ്ടി ഈ തസ്തികയിൽ പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാനിരിക്കുന്ന സാഹചര്യത്തിൽ നിലവിലുള്ള ലിസ്റ്റിന്റെ കാലാവധി നീട്ടുന്ന കാര്യം പുനഃപരിശോധിക്കുമോ ?

ഉത്തരം

(എ) കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവീസ് ചട്ടം 4-ൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമാണ് നിയമവകുപ്പിൽ രണ്ടാം ഗ്രേഡ് ലീഗൽ അസിസ്റ്റന്റുമാരെ നിയമിക്കുന്നത്. പ്രസ്തുത ചട്ടത്തിന്റെ പ്രസക്തഭാഗം അനുബന്ധമായി ചേർക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി-ഡി) 2-5-2000-ൽ നിലവിൽ വന്ന ലീഗൽ അസിസ്റ്റന്റുമാരുടെ ലിസ്റ്റിൽ കാറ്റഗറി (3) -ൽ 5 പേർ മാത്രമാണ് ഉൾപ്പെട്ടിരുന്നത്. 5 പേർക്കും നിയമന ഉത്തരവ് അയച്ചുവെങ്കിലും 3 പേർ മാത്രമേ ജോലിയിൽ പ്രവേശിച്ചിട്ടുള്ളൂ. സെക്രട്ടേറിയറ്റ് കാറ്റഗറിയിൽ നിന്നുള്ള നിയമനത്തിന് ലിസ്റ്റിൽ ആളില്ലാത്തതിനാൽ സ്പെഷ്യൽ റൂളിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം മറ്റ് വകുപ്പുകളിൽ നിന്നുള്ള ആളുകളെ നിയമിച്ചിട്ടുണ്ട്. അങ്ങനെ സെക്രട്ടേറിയറ്റ് സർവീസിൽ നിന്നും 3 പേരെയും മറ്റു വകുപ്പുകളിൽ നിന്നും 18 പേരെയുമാണ് നിയമിച്ചത്.

(ഇ) സ്പെഷ്യൽ റൂളിൽ വ്യവസ്ഥ ചെയ്യുന്നതു പ്രകാരമാണ് കാറ്റഗറി (3) -ൽ നിന്നുള്ളവരുടെ അഭാവത്തിൽ കാറ്റഗറി (4)-ൽ നിന്നും നിയമനം നടത്തിയത്.

(എഫ് & ജി) സെക്രട്ടേറിയറ്റിലെ ഉദ്യോഗാർത്ഥികളുടെ അവകാശം സംരക്ഷിച്ചുകൊണ്ട് നിലവിലുള്ള ലിസ്റ്റിന്റെ കാലാവധി 5-8-2003 വരെ നീട്ടാൻ തീരുമാനമെടുത്തിട്ടുണ്ട്. ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടി എടുത്ത് വരുന്നു. എടുത്ത തീരുമാനം പുനഃപരിശോധിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

കണ്ണൂർ ജില്ലയിലെ അഡ്വക്കേറ്റ് നോട്ടറിമാർ

39 (4318) ശ്രീ. കെ.പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ എത്ര അഡ്വക്കേറ്റ് നോട്ടറിമാർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ :

(ബി) കണ്ണൂർ ജില്ലയിലെ അഡ്വക്കേറ്റ് നോട്ടറിമാരുടെ പേര് വിവരങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) നോട്ടറി രജിസ്റ്ററിൽ പ്രകാരം കണ്ണൂർ ജില്ലയിൽ 42 നോട്ടറിമാരാണുള്ളത്. ഇതിൽ അഞ്ച് നോട്ടറിമാരുടെ സർട്ടിഫിക്കറ്റ് പുതുക്കിയിട്ടില്ല.

(ബി) അഡ്വക്കേറ്റ് നോട്ടറിമാരുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു.*

നോട്ടറി ഓഫീസ് പ്രവർത്തനവും പരിശോധനയും

40 (4319) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര നോട്ടറി ഓഫീസുകൾ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാക്കുമോ :

(ബി) നോട്ടറിമാരുടെ ഓഫീസ് പ്രതിവർഷം എത്ര പ്രാവശ്യമാണ് ഇൻസ്പെക്ഷൻ നടത്തുന്നതെന്ന് വെളിപ്പെടുത്തുമോ :

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly